# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജൂലൈ 02

# വാർത്താക്കുറിപ്പ്

## എം.ജി. ഹോസ്റ്റൽ പ്രവേശനം; അപേക്ഷയും ഫീസും ഇനി ഓൺലൈനിലൂടെ

മഹാത്മാ ഗാന്ധി സർവകലാശാല കാമ്പസിലെ റഗുലർ വിദ്യാർഥികളുടെ ഹോസ്റ്റൽ പ്രവേശനം ഇനി ഓൺലൈനിലൂടെ. ഓൺലൈനിലൂടെ അപേക്ഷിക്കാനും ഫീസടയ്ക്കാനും സാധിക്കും. ലഭിക്കുന്ന ഓൺലൈൻ അപേക്ഷകൾ ബന്ധപ്പെട്ട പഠനവകുപ്പുകൾ പരിശോധിച്ച് മെരിറ്റ് സീനിയോറിറ്റി അനുസരിച്ചാണ് ഹോസ്റ്റലുകൾ അനുവദിക്കുക.

ഓൺലൈൻ സംവിധാനത്തിന്റെ ഉദ്ഘാടനം പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ നിർവഹിച്ചു. സിൻഡിക്കേറ്റംഗങ്ങളായ പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. ആർ. പ്രഗാഷ്, ഡോ. എ. ജോസ്, ഹോസ്റ്റൽ വാർഡൻ ഡോ. വി.പി. സൈലസ്, ഫിനാൻസ് ഓഫീസർ വത്സമ്മ കരുണാകരൻ, ഡെപ്യൂട്ടി രജിസ്ട്രാർ ബാബുരാജ് വാര്യർ, അസിസ്റ്റന്റ് രജിസ്ട്രാർ പോൾ വർഗീസ്, സീറ്റാഡ് സെക്ഷൻ ഓഫീസർ ആർ. മുരളി എന്നിവർ സന്നിഹിതരായിരുന്നു.

സീറ്റാഡാണ് ഇതിനാവശ്യമായ സോഫ്റ്റ്‌വെയർ വികസിപ്പിച്ചത്. പഠനവകുപ്പുകളിലേക്കുള്ള പ്രവേശനത്തിനുള്ള അപേക്ഷയോടൊപ്പംതന്നെ ഹോസ്റ്റൽ സൗകര്യത്തിനുള്ള അപേക്ഷകൂടി നൽകാനാവുംവിധം അടുത്ത വർഷം മുതൽ ക്രമീകരണം ഏർപ്പെടുത്തും. ഗവേഷകവിദ്യാർഥികൾക്കടക്കം അറുനൂറിലധികം വിദ്യാർഥികൾക്കാണ് വിവിധ ഹോസ്റ്റലുകളിലായി താമസസൗകര്യമുള്ളത്.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല ഹോസ്റ്റൽ പ്രവേശനത്തിനുള്ള ഓൺലൈൻ സംവിധാനത്തിന്റെ ഉദ്ഘാടനം പ്രോ വൈസ് ചാൻസലർ പ്രൊഫ.സി.റ്റി. അരവിന്ദകുമാർ നിർവ്വഹിക്കുന്നു**

(പി.ആർ.ഒ./39/1250/2019)

## എം.ജി. യു.ജി. ഏകജാലകം: എസ്.സി./എസ്.ടി. രണ്ടാം സ്പെഷൽ അലോട്ട്മെന്റായി

**– ജൂലൈ നാലിന് വൈകീട്ട് നാലിനകം പ്രവേശനം നേടണം**

മഹാത്മാ ഗാന്ധി സർവ്വകലാശാലയ്ക്കു കീഴിലുള്ള കോളേജുകളിൽ ഏകജാലകം വഴി യു.ജി. പ്രവേശനത്തിന് എസ്.സി., എസ്.ടി. വിഭാഗക്കാർക്കുള്ള രണ്ടാം സ്പെഷൽ അലോട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈനായി ഫീസടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ടും യോഗ്യത തെളിയിക്കുന്ന അസൽ സാക്ഷ്യപത്രങ്ങളുമായി ജൂലൈ നാലിന് വൈകീട്ട് നാലിനകം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ പ്രവേശനം നേടണം.

ജൂലൈ നാലിനകം ഫീസടയ്ക്കാത്തവരുടെയും ഫീസടച്ചശേഷം പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കും. കോളേജുകളിൽ പ്രവേശനത്തിനായി റിപ്പോർട്ട് ചെയ്യുന്നവർ കൺഫർമേഷൻ സ്ലിപ് ചോദിച്ചുവാങ്ങണം. പ്രവേശനം സംബന്ധിച്ച വിവരങ്ങൾ കൃത്യമായി അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്ന്

ഉറപ്പുവരുത്തണം. പ്രവേശനം ആഗ്രഹിക്കുന്ന എല്ലാവരും സ്ഥിരപ്രവേശനം നേടണം. താത്ക്കാലിക പ്രവേശനം അനുവദിക്കില്ല.

(പി.ആർ.ഒ./39/1251/2019)

## പ്രാക്ടിക്കൽ

2019 മെയിൽ നടന്ന രണ്ട്, നാല് സെമസ്റ്റർ ബി.എ. മ്യൂസിക് മൃദംഗം (സി.ബി.സി.എസ്./സി.ബി.സി.എസ്.എസ്.-റഗുലർ/ഇംപ്രൂവ്മെന്റ്/റീഅപ്പിയറൻസ്) പരീക്ഷകളുടെ പ്രാക്ടിക്കൽ ജൂലൈ ഒൻപതു മുതൽ 11 വരെ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1252/2019)

## എം.പിഇഎസ്. പ്രവേശനം; അപേക്ഷ ജൂലൈ അഞ്ചുവരെ

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസസിലെ മാസ്റ്റർ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് പ്രോഗ്രാം പ്രവേശനത്തിന് അപേക്ഷിക്കാനുള്ള തീയതി ജൂലൈ അഞ്ചുവരെ നീട്ടി. പ്രവേശന പരീക്ഷ ജൂലൈ 17നും ഫിസിക്കൽ ഫിറ്റ്നസ് ടെസ്റ്റും ഗെയിം പ്രൊവിഷൻസി ടെസ്റ്റും ജൂലൈ 18നും നടക്കും.

(പി.ആർ.ഒ./39/1253/2019)

## ഗസ്റ്റ് അധ്യാപക നിയമനം; വാക്-ഇൻ-ഇന്റർവ്യൂ ജൂലൈ എട്ടിന്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസസിൽ എം.പി.ഇ.എസ്. ക്ലാസുകളെടുക്കുന്നതിന് രണ്ട് ഗസ്റ്റ് അധ്യാപകരെ നിയമിക്കുന്നു. ഇതിനുള്ള വാക്ക്-ഇൻ-ഇന്റർവ്യൂ ജൂലൈ എട്ടിന് രാവിലെ 10ന് സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസസ് ഓഫീസിൽ നടക്കും. യോഗ്യരായവർ അസൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകണം. വിശദവിവരത്തിന് ഫോൺ: 0481-2732368.

(പി.ആർ.ഒ./39/1254/2019)

## പരീക്ഷഫലം

2019 മാർച്ചിൽ നടന്ന നാലാം സെമസ്റ്റർ ബി.എസ്‌സി. (സി.ബി.സി.എസ്.എസ്. - മോഡൽ I, II, III- 2013-2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 15 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1255/2019)

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്‌സി. സ്റ്റാറ്റിസ്റ്റിക്സ് (അപ്ലൈഡ് - റഗുലർ), അപ്ലൈഡ് സ്റ്റാറ്റിസ്റ്റിക്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 15 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1256/2019)

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (റഗുലർ, സപ്ലിമെന്ററി, ബെറ്റർമെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 15 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1257/2019)

2018 മെയിൽ നടന്ന നാലാം സെമസ്റ്റർ പി.ജി.സി.എസ്.എസ്.-എം.എസ്‌സി. അപ്ലൈഡ് ഫിസിക്സ് (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 15 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1258/2019)

2018 ഡിസംബറിൽ സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ബി.എ. (റഗുലർ, റീഅപ്പിയറൻസ് - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/1259/2019)

2018 ഡിസംബറിൽ നടന്ന മൂന്ന്, അഞ്ച് സെമസ്റ്റർ ബി.ടെക് (സപ്ലിമെന്ററി, മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 16 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1260/2019)

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്‌സി. സ്റ്റാറ്റിസ്റ്റിക്സ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 15 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1261/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ